# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5522 6.7.2012-ൽ മറുപടിയ്ക്ക്

**ജലനിധി പദ്ധതി രണ്ടാം ഘട്ടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം 8 ജില്ലകളിലെ 200 പഞ്ചായത്തുകളിൽ ആരംഭിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ 143-ാം ഇനമായി പ്രഖ്യാപിച്ചിട്ടുള്ള തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ ; 8 ജില്ലകളെ തെരഞ്ഞെടു ത്തിട്ടുണ്ടോ; പാലക്കാട് ജില്ലയെ ഇതിൽ ഉൾപ്പെടു ത്തിയിട്ടുണ്ടോ; | (എ) 200 ഗ്രാമപഞ്ചായത്തുകളിലായി ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും, ഉദ്ദേശം 7 ലക്ഷത്തോളം ജനങ്ങൾക്ക് ശുചിത്വ സംവിധാനങ്ങളും ലഭ്യമാക്കത്തക്കവിധം 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതും 1022 കോടി രൂപ അടങ്കലുമുള്ള ലോകബാങ്ക് സഹായ ത്തോടെയുള്ള രണ്ടാം കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയ്ക്ക് (ജലനിധി രണ്ടാം ഘട്ടം) 2011 ഡിസംബർ മാസത്തോടുകൂടി ലോകബാങ്ക് അംഗീകാരം നല്കുക യുണ്ടായി. അതനുസരിച്ച് പദ്ധതി യുടെ സംസ്ഥാനതല പ്രവർത്തന സമാരംഭം 2012 ജനുവരിമാസം 14-ാം തീയതി കോട്ടയം ജില്ലയിലെ കടപ്ലമറ്റം പഞ്ചായത്തിൽ ബഹുമാന പ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയും ചെയ്തു. പ്രസ്തുത ജലനിധി രണ്ടാംഘട്ട പദ്ധതിയുമായി ബന്ധപ്പെട്ട കരാറു കളിൽ ലോകബാങ്കും കേന്ദ്ര സംസ്ഥാന സർക്കാരുകളും 2012 ഫെബ്രുവരി 15-ാം തീയതി തിരുവനന്തപുരത്ത് ഒപ്പുവയ്ക്കുകയുണ്ടായി. അതനുസരിച്ച് ലോകബാങ്കിൽ നിന്നും |

155.3 ദശലക്ഷം ഡോളറിന്റെ വായ്പ ലഭിക്കുന്നതാണ്.

ഒന്നാം ബാച്ചിൽ എറണാകുളം ആലപ്പുഴ ജില്ല ഒഴികെയുള്ള മറ്റു ജില്ലകളിൽ നിന്നായി ഇതിനകം താഴെപറയുന്ന 22 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

| നം | ജില്ല | പഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | മാണിക്കൽ |
| 2.<br>3. | കൊല്ലം | മൈനാഗപ്പള്ളി<br>കുലശേഖരപുരം |
| 4.<br>5. | പത്തനംതിട്ട | കുന്നത്താനം<br>റാന്നി |
| 6.<br>7. | കോട്ടയം | കടപ്ലാമറ്റം<br>മുത്തോളി |
| 8.<br>9. | ഇടുക്കി | കൊന്നത്തടി<br>~~ഇടുക്കി~~<br>കഞ്ഞിക്കുഴി |
| 10<br>11 | തൃശ്ശൂർ | എളവള്ളി<br>നടത്തറ |
| 12 | പാലക്കാട് | എലവഞ്ചേരി |
| 13<br>14 | മലപ്പുറം | കരുവാരക്കുണ്ട്<br>കുറ്റിപ്പുറം |
| 15<br>16 | കോഴിക്കോട് | താമരശ്ശേരി<br>ചെറുവണ്ണൂർ |
| 17<br>18 | കണ്ണൂർ | ഇരിക്കൂർ<br>ഉദയഗിരി |
| 19 | വയനാട് | നൂൽപ്പുഴ |
| 20<br>21<br>22 | കാസർ ഗോഡ് | പുത്തിഗെ<br>പുല്ലൂർ-പെരിയ<br>പടന്ന |

| | | | |
|---|---|---|---|
| | | | രണ്ടാം ബാച്ചിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട്, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നിന്നുള്ള പഞ്ചായത്തുകളെയാണ് തെരഞ്ഞടുക്കുന്നത്. |
| (ബി) | പാലക്കാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവിടെ ഏതെല്ലാം പഞ്ചായത്തുകൾക്കാണ് മുൻഗണനനൽകുന്നത്; വിശദാംശം നൽകുമോ ; | (ബി) | പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്ത് ജലനിധി രണ്ടാം ഘട്ടത്തിന്റെ ഒന്നാം ബാച്ചിൽ ഉൾ പ്പെട്ടിട്ടുണ്ട്. രണ്ടാം ബാച്ചിലേക്ക് പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന സ്കീമുകളുടെ വിശദാംശങ്ങളും നടപടികളുടെ മുൻഗണനാക്രമങ്ങളും വ്യക്തമാക്കുമോ ? | (സി) | ചെറുകിട കുടിവെള്ള പദ്ധതികൾ, ബൃഹത് കുടിവെള്ള പദ്ധതികൾ, കേരള വാട്ടർ അതോറിറ്റിയുടെ ഏക പഞ്ചായത്ത് സ്കീമുകളുടേയും, ഗ്രാമ പഞ്ചായത്ത് സ്കീമുകളുടേയും പുനരുദ്ധാരണം, മൾട്ടി പഞ്ചായത്ത് കുടിവെള്ള പദ്ധതികൾ, ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ, ശുചിത്വ പദ്ധതികൾ എന്നിവയാണ് ജലനിധി രണ്ടാം ഘട്ടപദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ